ഉത്തരം

(എ) യു.ഐ.ഡി.എസ്.എസ്.എം.റ്റി. ഒറ്റപ്പാലം നഗര ശുദ്ധജല വിതരണ പദ്ധതി 12-1-2016-ന് കമ്മീഷൻ ചെയ്തു.

(ബി) പ്രസ്തുത പദ്ധതിയിൽപ്പെടുത്തി 110 കണക്ഷനുകൾ നൽകിയിട്ടുണ്ട്.

(സി) യു.ഐ.ഡി.എസ്.എസ്.എം.റ്റി. പദ്ധതിക്കായി നാളിതുവരെ 17.39 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതിന്റെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

ജലഗുണ നിലവാര പരിശോധന ലാബുകൾ

179(880) ശ്രീ. ഐരബി ഈഡൻ :
ശ്രീ. വർക്കല കഹാർ :
ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലഗുണ നിലവാര പരിശോധനയ്ക്കായി ലാബുകൾ ആരംഭിക്കാൻ എന്തെല്ലാം കർമ്മ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ?

ഉത്തരം

(എ) ജലഗുണനിലവാര പരിശോധനയ്ക്കായി കേരള ജല അതോറിറ്റിയുടെ കീഴിൽ നിലവിൽ 33 സബ് ഡിവിഷണൽ ലാബുകളും 14 ജില്ലാ ലാബുകളും ഒരു സ്റ്റേറ്റ് റഫറൽ ഇൻസ്റ്റിറ്റ്യൂട്ടും പ്രവർത്തിച്ചുവരുന്നുണ്ട്. ഇതിനുപുറമെ കോഴിക്കോട്, കൊച്ചി, തിരുവനന്തപുരം എന്നിവിടങ്ങൾ കേന്ദ്രീകരിച്ച് മൂന്ന് മൊബൈൽ ലാബുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ അവസാന ഘട്ടത്തിലാണ്. കൂടാതെ കേന്ദ്ര സർക്കാരിന്റെ ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതിയിൽ ഉൾപ്പെടുത്തി ജലഗുണനിലവാര പരിശോധനയ്ക്കായി 31 സബ് ഡിവിഷണൽ ലാബുകൾ പുതിയതായി ആരംഭിക്കുവാനുള്ള അനുമതി ലഭിച്ചിട്ടുണ്ട്. ഇതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

GPM 2/238/2020-33

LIBRARY ARCHIVES Kerala Legislative Assembly

(ബി) സംസ്ഥാനത്ത് ജനങ്ങളുപയോഗിക്കുന്ന കുടിവെള്ളം പൂർണ്ണമായും സുരക്ഷിതമാണെന്ന് ഉറപ്പുവരുത്തുകയാണ് ഇതിന്റെ ഉദ്ദേശ്യം. ഇതിനായി സംസ്ഥാനത്തെ എല്ലാ കുടിവെള്ള സ്രോതസ്സുകളും നിരന്തര ഗുണ പരിശോധനയ്ക്ക് വിധേയമാക്കി ആവശ്യമായ മുൻകരുതലുകൾ സ്വീകരിക്കാനാണ് ഇതുവഴി ലക്ഷ്യമിടുന്നത്. കൂടാതെ പൊതുജനങ്ങൾക്ക് കുടിവെള്ള പരിശോധനയ്ക്കായുള്ള സൗകര്യം ലഭ്യമാക്കാനും ലക്ഷ്യമിടുന്നുണ്ട്;

(സി) ഗുണനിലവാര പരിശോധനാ വാല്വുകൾ ആവശ്യമായ സ്ഥലങ്ങൾ നിശ്ചയിച്ച് പദ്ധതി തയ്യാറാക്കി സംസ്ഥാന സർക്കാർവഴി കേന്ദ്ര സർക്കാരിന്റെ പദ്ധതി അനുമതി കമ്മിറ്റിയിൽ സമർപ്പിച്ച് അംഗീകാരം നേടിയെടുക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നുണ്ട്. കൂടാതെ ഇപ്രകാരം അംഗീകാരം ലഭിക്കുന്ന പദ്ധതികൾക്ക് ഉടൻന്ന് ഭരണാനുമതി ലഭ്യമാക്കി പദ്ധതി നിർവ്വഹണത്തിനാവശ്യമായ നടപടികളും സ്വീകരിക്കുന്നുണ്ട്.

ബാവിക്കര കുടിവെള്ള പദ്ധതി

180(881) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) കാസർഗോഡ് ജില്ലയിലെ ബാവിക്കര കുടിവെള്ള പദ്ധതി ആരംഭിച്ചതെന്നാണെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിക്ക് നാളിതുവരെയായി എത്ര തുക ചെലവഴിച്ചിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കുമോ;

(സി) പദ്ധതി ഇപ്പോൾ നിർത്തിവച്ചിട്ടുണ്ടോ; എങ്കിൽ കാരണം വിശദമാക്കുമോ;

(ഡി) പദ്ധതിയുടെ ഒരു ഭാഗം മാത്രം കെട്ടിപ്പൊക്കി മറുഭാഗത്തേയ്ക്ക് വെള്ളം കുത്തി ഒഴിച്ചുപോകുക വഴി തീരപ്രദേശത്തെ കൃഷി നശിച്ചുപോകുന്ന സ്ഥിതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയതിന് എന്തെങ്കിലും പരിഹാര നടപടിസ്വീകരിച്ചിട്ടുണ്ടോ;

(ഇ) പദ്ധതിക്ക് നിർദ്ദേശിച്ച സ്ഥലം അനുയോജ്യമല്ലായിരുന്നുവെന്ന് ഉന്നതതല സാങ്കേതിക വിദഗ്ധർ റിപ്പോർട്ട് നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ;

(എഫ്) മേൽ പ്രവൃത്തി പുനരാരംഭിക്കാതെ, വർഷങ്ങളായി കെട്ടുന്ന താൽകാലിക തടയണ കെട്ടാൻ അനുവദിക്കില്ലായെന്ന പ്രദേശവാസികളുടെ സമരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly